LIBRARY ARCHIVES Kerala Legislative Assembly

വിദ്യാലയ കാമ്പസുകളിൽ പോലീസ് കയറുന്നത് സംബന്ധിച്ച് ഗൈഡ്ലൈൻ

25 [799] ശ്രീ. കെ. മുഹമ്മദാലി :

ഡോ: എം. എ. കുട്ടപ്പൻ :

ശ്രീ. പി. ജെ. ജോയി :

,, ഡി. സുഗതൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാമ്പസുകളിൽ പോലീസ് പ്രവേശിക്കുന്നതിന് എന്തെങ്കിലും ഗൈഡ്ലൈൻ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ, ബി) പ്രിൻസിപ്പാളിന്റെ അനുമതി കൂടാതെ കോളേജ് കാമ്പസുകളിൽ പോലീസ് പ്രവേശിക്കാൻ പാടില്ല എന്നതാണ് നിലവിലുള്ള പൊതു തത്വം.

കാമ്പസുകളിൽ അച്ചടക്കം നിലനിർത്തുന്നതു സംബന്ധിച്ച മാർഗ്ഗരേഖകൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച്, കാമ്പസുകളിൽ എന്തെങ്കിലും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ പോലീസ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

യൂണിവേഴ്സിറ്റി കോളേജ് പരിസരത്തുണ്ടായ കല്ലേറ്

26 [800] ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-12-2004-ൽ യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ നിന്ന് പോലീസിന് നേരെ കല്ലേറുണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത ദിവസം കല്ലെറിയുന്നതിനുവേണ്ടി ഗുണ്ടകൾ പ്രസ്തുത കോളേജ് ക്യാമ്പസിൽ കയറിപ്പറ്റുകയുണ്ടായോ ;

(സി) എറിയുന്നതിനുള്ള കല്ല് അവിടെ സംഭരിച്ചിരുന്നുവോ ;

(ഡി) യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ കല്ല് സംഭരണവും ഗുണ്ടകളെ ഒളിപ്പിക്കലും നടന്നേക്കാനിടയുണ്ടെന്ന് രഹസ്യ പോലീസിന്റെ റിപ്പോർട്ട് ലഭിച്ചിരുന്നുവോ; എങ്കിൽ ആ റിപ്പോർട്ടിൻമേൽ എന്തു നടപടിയെടുത്തു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ലഭിച്ചിരുന്നില്ല.

ലോക്കപ്പ്-കസ്റ്റഡി മരണങ്ങളെക്കുറിച്ച് അന്വേഷണം

27 [801] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലോക്കപ്പ്-കസ്റ്റഡി മരണങ്ങളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ആറുമാസത്തിനിടയിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ വച്ച് എത്ര പേർ മരണമടഞ്ഞിട്ടുണ്ട് ;

(സി) ഇതേ കാലയളവിൽ ചോദ്യം ചെയ്യലിനായി കസ്റ്റഡിയിലെടുത്ത എത്രപേർ കസ്റ്റഡിയിൽ വച്ച് മരണമടഞ്ഞിട്ടുണ്ട് ;

(ഡി) ചോദ്യം ചെയ്യലിനായി കസ്റ്റഡിയിലെടുത്ത എത്രപേർ പിന്നീട് ആശുപത്രിയിൽ വച്ച് മരണമടഞ്ഞിട്ടുണ്ട് ;

(ഇ) സംസ്ഥാനത്ത് നടന്ന ലോക്കപ്പ്-കസ്റ്റഡി മരണങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലോക്കപ്പ്-കസ്റ്റഡി മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ആറുമാസത്തിനിടയിൽ പോലീസ് സ്റ്റേഷനിൽ വച്ച് ഒരാൾ മരണമടഞ്ഞിട്ടുണ്ട്.

(സി) ഇതേ കാലയളവിൽ ചോദ്യം ചെയ്യലിനായി കസ്റ്റഡിയിലെടുത്ത ആരും കസ്റ്റഡിയിൽ വച്ച് മരണമടഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly